# കേരള സർക്കാർ

## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

### നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 51 11.12.2012-ലെ മറുപടിയ്ക്ക്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജോസഫ് വാഴയ്ക്കൻ<br>ശ്രീ. എ.റ്റി. ജോർജ്ജ്<br>ശ്രീ. വി.പി. സജീന്ദ്രൻ | | ബഹു: ധനകാര്യ വകുപ്പ് മന്ത്രി |
| എ. | സംസ്ഥാനത്തെ ക്ഷേമ പെൻഷനുകളുടെ തുക വർദ്ധിപ്പിച്ചിട്ടുണ്ടോ? | ഉണ്ട് |
| ബി. | എത്ര ശതമാനം വർദ്ധനവാണ് വരുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം? | 2012-13 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നതനുസരിച്ച് സ.ഉ.(Ms.)No.50/12/സാ.ക്ഷേ.വ. തീയതി 22.08.2012 പ്രകാരം 80 വയസ്സിനു മുകളിൽ പ്രായമുള്ള വൃദ്ധ ജനങ്ങൾക്കുള്ള വാർദ്ധക്യകാല പെൻഷൻ നിലവിലുള്ള 400 രൂപയിൽനിന്നും 900 രൂപയായും (125% വർദ്ധനവ്), അവിവാഹിതരായ സ്ത്രീകൾക്കുള്ള അഗതി (വിധവ) പെൻഷൻ 400 രൂപയിൽനിന്ന് 525/- രൂപയായും (31% വർദ്ധനവ്) 80%ത്തിനുമേൽ വൈകല്യമുള്ളവർക്കുള്ള വികലാംഗ പെൻഷൻ 400/- രൂപയിൽനിന്നും 700/- രൂപയായും (75% വർദ്ധനവ്) മറ്റുള്ള വികലാംഗ പെൻഷൻ 400/- രൂപയിൽനിന്നും 525/- രൂപയായും (31% വർദ്ധനവ്) വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) |
| സി. | വർദ്ധിപ്പിച്ച ക്ഷേമ പെൻഷനുകൾക്ക് മുൻകാല പ്രാബല്യം നൽകിയിട്ടുണ്ടോ; | ഉണ്ട്. |
| ഡി. | എങ്കിൽ എന്ന് മുതൽക്കാണ് പ്രാബല്യം നൽകിയിട്ടുള്ളത്? | വർദ്ധിപ്പിച്ച പെൻഷൻ നിരക്കുകൾക്ക് 01.04.2012 മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്. |

Jayasree M.A

**അക്കൗണ്ട്സ് ഓഫീസർ**

കേരള സർക്കാർ

<u>സംഗ്രഹം</u>

സാമൂഹ്യ ക്ഷേമ വകുപ്പ് - സാമൂഹ്യക്ഷേമ പെൻഷനുകളുടെ നിരക്ക് വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യക്ഷേമ (സി) വകുപ്പ്

സ.ഉ.(എം.എസ്)നമ്പർ.50/2012/സാക്ഷേവ തിരുവനന്തപുരം , തീയതി, 22.08.2012

---

പരാമർശം : സ.ഉ.(എം.എസ്.) നം. 60/11/സാ.ക്ഷേ.വ. തീയതി 13.12.2011

**<u>ഉത്തരവ്</u>**

2012-13 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ സാമൂഹ്യക്ഷേമ പെൻഷനുകളുടെ നിരക്ക് വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 80 വയസിനു മുകളിൽ പ്രായമുള്ള വൃദ്ധ ജനങ്ങൾക്കുള്ള വാർദ്ധക്യകാല പെൻഷൻ നിലവിലുള്ള 400/- രൂപയിൽ നിന്നും 900/- (തൊള്ളായിരം) രൂപയായും അഗതി (വിധവ) പെൻഷൻ, അമ്പതു വയസിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവ 400/- രൂപയിൽ നിന്ന് 525/- (അഞ്ഞൂറ്റി ഇരുപത്തിയഞ്ച്) രൂപയായും 80 % ത്തിനുമേൽ വൈകല്യമുള്ളവർക്കുള്ള വികലാംഗ പെൻഷൻ 400/- രൂപയിൽ നിന്ന് 700/- (എഴുന്നൂറ്) രൂപയായും മറ്റുള്ളവർക്കുള്ള വികലാംഗപെൻഷൻ 400/- രൂപയിൽ നിന്ന് 525/- (അഞ്ഞൂറ്റി ഇരുപത്തിയഞ്ച്) രൂപയായും വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വർദ്ധിപ്പിച്ച പെൻഷൻ നിരക്കുകൾക്ക് 01.04.2012 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**ഡോ. കെ.എം. എബ്രഹാം**
പ്രിൻസിപ്പൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
സാമൂഹ്യക്ഷേമ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ ആന്റ് ഇ) തിരുവനന്തപുരം
ധനകാര്യ വകുപ്പ്(16.08.2012ലെ 46409/ഡബ്ല്യു.ഡബ്ല്യു2/12/ധന നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ, കില, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ
സെക്രട്ടറി, നിയമസഭ, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിനും വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിനും)
എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
ലൈബ്രേറിയൻ, പബ്ലിക് ലൈബ്രറി, തിരുവനന്തപുരം
ഡയറക്ടർ, ഐ.എം.ജി., വികാസ് ഭവൻ, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

<u>പകർപ്പ്</u> മുഖ്യമന്ത്രിയുടെ പി.എസ് - ന്
സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രിയുടെ പി.എസ് -ന്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ